## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 163

28.11.2018-ൽ മറുപടിയ്ക്ക്

# റോഡപകടവും ഗതാഗത നിയമ ലംഘനവും

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ തടയുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങൾ തടയുന്നതിന് താഴെ പറയുന്ന നിയന്ത്രണങ്ങൾ പോലീസ് വകുപ്പ് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി വരുന്നു.<br>1.വാഹനങ്ങളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് വാഹന പരിശോധന കൂടാതെ സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ഇന്റർസെപ്റ്റർ വാഹനം, റഡാർ പരിശോധന എന്നിവയിലൂടെ വാഹന പരിശോധന നടപ്പിലാക്കി വരുന്നു.<br>2. അമിത വേഗത മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സ്പീഡ് ബ്രേക്കറുകൾ വച്ച് നിയന്ത്രിച്ചു വരുന്നു.<br>3.റോഡ് അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെടുന്ന സ്ഥലങ്ങളെ 'ബ്ലാക്ക് സ്പോട്ട്'കളാക്കി അവിടെ മുഴുവൻ സമയ നിരീക്ഷണം നടത്തി വരുന്നു.<br>4.മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അവരെ ബോധവൽക്കരണ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുപ്പിച്ചു വരുന്നു.<br>5. ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സേവനം ഉപയോഗപ്പെടുത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 6.പരിക്കുകളുടെ കാഠിന്യം കുറക്കുന്നതിലേക്കായി സുരക്ഷമാർഗ്ഗങ്ങളായി ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും, ആയത് ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കിയും വരുന്നു.<br>7.ട്രാഫിക്ക് നിയമങ്ങൾ തുടർച്ചയായി ലംഘിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ. റ്റി .ഒ യ്ക്ക് റിപ്പോർട്ട് നൽകി വരുന്നു.<br>8. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് റോഡ് സേഫ്റ്റി ക്ലാസുകൾ സംഘടിപ്പിക്കുകയും സ്കൂളുകളിലെ ഡ്രൈവർമാർക്കും മറ്റു ഓട്ടോ, ടാക്സി ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, ട്രാഫിക്ക് സംബന്ധമായ ലഘു ലേഖകൾ വിതരണം ചെയ്തും വരുന്നു.<br>9. ട്രാഫിക്ക് സിഗ്നലുകൾ, അപകട മുന്നറയിപ്പ് സിഗ്നലുകൾ എന്നിവ സ്ഥാപിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ മദ്യപിച്ച് വാഹനമോടിച്ചുള്ള എത്ര അപകടങ്ങൾ സംസ്ഥാനത്ത് നടന്നു; ഇതിൽ ഓരോ വർഷവും എത്ര പേർ മരണപ്പെട്ടു; ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ നിയമത്തിന് മുന്നിൽ കൊണ്ട് വന്ന് ശിക്ഷ ഉറപ്പാക്കി; എത്ര പേരുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചു; പിഴയിനത്തിൽ എത്ര തുക ഈടാക്കി; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2015-2016, 2016-17, 2017-18 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തു നടന്ന വാഹന അപകടങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മദ്യപിച്ച് ഗതാഗത നിയമ ലംഘനം നടത്തുന്നവർക്ക് കടുത്ത ജയിൽ ശിക്ഷ ഉറപ്പുവരുത്തുവാനും ആവർത്തിച്ചുള്ള അപകടങ്ങൾക്ക് ലൈസൻസ് റദ്ദാക്കുവാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | ഒന്നിലധികം തവണ മദ്യപിച്ച് വാഹനം ഓടിച്ച് പിടിക്കപ്പെട്ടാൽ 185 MV Act പ്രകാരം കേസെടുക്കുന്നതിനു പുറമേ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ശിക്ഷ ലഭിക്കുന്നതിനായി ബന്ധപ്പെട്ട കോടതിയിൽ ഇത്തരക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കാറുണ്ട്. കൂടാതെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട RTO മാർക്ക് റിപ്പോർട്ട് നൽകാറുണ്ട്. |
| (ഡി) | ട്രാഫിക്പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിലേക്കായി കൂടുതൽ പോലീസുകാരെ ട്രാഫിക് വിഭാഗത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ട്രാഫിക്ക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നു. കൂടാതെ 14.07.2018 തീയതിയിലെ സ.ഉ.(കൈ)നം.116/2018/ ആഭ്യന്തരം പ്രകാരം ട്രാഫിക്ക് പോലീസ് സ്റ്റേഷനുകളെയും, ട്രാഫിക്ക് യൂണിറ്റുകളേയും ട്രാഫിക്ക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റി ട്രാഫിക്ക് കേസ്സുകളുടെ അന്വേഷണം ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളെ ഏൽപ്പിച്ചത് ട്രാഫിക്ക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കാൻ സഹായകരമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| മദ്യപിച്ച് വാഹനമോടിച്ചുള്ള അപകടങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വർഷം | അപകട കേസ്സുകളുടെ എണ്ണം | മരണപ്പെട്ട വരുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസ്സുക ളുടെ എണ്ണം | എത്ര പേരെ നിയമത്തിനു മുന്നിൽ കൊണ്ട് വന്ന് ശിക്ഷ ഉറപ്പാക്കി | ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചവരുടെ എണ്ണം. | പിഴയിനത്തിൽ എത്ര തുക ഈടാക്കി |
| 2015-16 | 152 | 8 | 152 | 142 | 139 | പിഴയിനത്തിൽ ഈടാക്കുന്ന തുക ബഹു. കോടതിയിലായതിനാൽ അതു സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 2016-17 | 160 | 15 | 160 | 151 | 155 | |
| 2017-18 | 141 | 10 | 141 | 113 | 127 | |

Sd/-

**സെക്ഷൻ ഓഫീസർ**